സംസ്ഥാനത്ത് നിർമ്മിക്കേണ്ട റെയിൽവേ മേൽപ്പാലങ്ങൾക്കു വേണ്ടിയുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ

249 (1977) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിർമ്മിക്കേണ്ട റെയിൽവേ മേൽപ്പാലങ്ങൾക്കു വേണ്ടിയുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) എത്ര മേൽപ്പാലങ്ങൾക്കുള്ള അക്വിസിഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട് ; അവ ഏതെല്ലാം എന്ന് വിശദമാക്കുമോ ;

(സി) ഇനി എത്ര മേൽപ്പാലങ്ങൾക്കുള്ള അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാനുണ്ട് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റെയിൽവേ മേൽപ്പാലനിർമ്മിതിക്കായി എന്തു തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിർമ്മിക്കേണ്ട 13 മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് പൂർത്തിയായി. 7 എണ്ണത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 13 മേൽപ്പാലങ്ങൾക്കുള്ള അക്വിസിഷൻ നടപടികൾ പൂർത്തിയായി അവയുടെ വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്

(സി) 19 എണ്ണം.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

നാഷണൽ ഗെയിംസ് നടത്തുന്നതിനുള്ള ഒരുക്കങ്ങൾ

250 (1978) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഗെയിംസ് നടത്തുന്നതിനോടനുബന്ധിച്ച് എന്തൊക്കെ ഒരുക്കങ്ങൾ ഇതേവരെ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇനിയും എന്തൊക്കെ പുതിയ സംരംഭങ്ങൾ ഇതിനായി വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി എത്ര തുക കേന്ദ്രത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട് ; എത്ര തുക ഇതുവരെ ചെലവഴിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനായി പൂർത്തിയാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(ഇ) സംസ്ഥാനം ഇക്കാര്യത്തിന് എത്ര തുക ഇതേവരെ ചെലവഴിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 35-ാമത് ദേശീയ ഗെയിംസ് കേരളത്തിൽ വെച്ച് നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ദേശീയ ഗെയിംസിനു വേണ്ട അടിസ്ഥാന സൗകര്യ വികസനത്തിന്റെ പ്രവർത്തനങ്ങൾ രണ്ടായി തരം തിരിച്ചിട്ടുണ്ട്.

1. നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണം.

2. പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും കായിക താരങ്ങൾക്കും മറ്റു ഓഫീഷ്യലുകൾക്കും താമസ സൗകര്യമൊരുക്കലും.

സ്റ്റേഡിയങ്ങൾ പുതുക്കി പണിയുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി ബന്ധപ്പെട്ട് കേരളത്തിലെ 7 ജില്ലകളിലെ 18 സ്ഥലങ്ങളിലായി 32 പ്രവൃത്തികൾക്ക് വിശദമായ രൂപരേഖയുടെ അടിസ്ഥാനത്തിൽ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 12 പ്രവൃത്തികളുടെ പണികൾ വിവിധ ഘട്ടത്തിലായി പുരോഗമിക്കുന്നു. മറ്റ് 4 പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പണികൾ ആരംഭിക്കാവുന്ന അവസ്ഥയിലാണ്. ബാക്കിയുള്ളവരുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

പുതിയ 4 ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ദർഘാസ് നടപടികൾ അന്തിമഘട്ടത്തിലാണ്. ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണം അന്യൂറ്റി അടിസ്ഥാനത്തിലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട്. ടെണ്ടർ മുഖേന 8 കമ്പനികളുടെ ചുരുക്ക പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരിൽ നിന്നും മികച്ച പദ്ധതി രൂപരേഖ സമർപ്പിക്കുന്ന കമ്പനിയെ നിർമ്മാണ ചുമതല ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഒരു ഗെയിംസ് വില്ലേജ് സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) തിരുവനന്തപുരത്ത് ഷൂട്ടിംഗിനായുള്ള ട്രാപ്പ് ആൻഡ് സ്കിറ്റ് സൗകര്യവും തൃശ്ശൂരിൽ നിലവിലുള്ള നീന്തൽ കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും ഇതിനോടനുബന്ധമായി ഏറ്റെടുത്തു നടത്തേണ്ടതുണ്ട്.

(സി) ഇതിനായി 110 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. 1-ാം ഗഡുവായി 55 കോടി രൂപ സംസ്ഥാന സർക്കാരിനു ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 6.69 കോടി രൂപ 30-1-2011 വരെ ചെലവഴിച്ചിട്ടുണ്ട്.

(ഡി) യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണം, പിരപ്പൻകോട് ഇന്റർനാഷണൽ സ്വിമ്മിംഗ്പൂൾ, ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാന സർക്കാർ പദ്ധതിയിനത്തിൽ 30.23 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 4.8 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ യഥാക്രമം 9.93 കോടിയും 3.01 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

ഇടക്കൊച്ചിയിലെ അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

251 (1979) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ക്രിക്കറ്റ് അസോസിയേഷൻ ഇടക്കൊച്ചിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പ്രദേശത്തെ പരിസ്ഥിതിപഠനം നടത്തുന്നതിന് ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(സി) പ്രസ്തുത പ്രദേശത്തെ കണ്ടൽക്കാടുകളുടെ സാന്നിദ്ധ്യത്തെ കുറിച്ച് എന്തൊക്കെ പഠനങ്ങളാണ് നടത്തിയിട്ടുള്ളത് ;

(ഡി) കണ്ടൽക്കാടുകളുടെ സാന്നിദ്ധ്യത്തെക്കുറിച്ച് പ്രസ്തുത പ്രദേശത്ത് കഴിഞ്ഞ പത്തു വർഷങ്ങളായി 'സെസ്സ്' നടത്തിയ പഠനങ്ങളിൽ എന്തൊക്കെ വസ്തുതകളാണ് കണ്ടെത്തിയിട്ടുള്ളത് എന്നറിയിക്കുമോ ;

(ഇ) ഇവിടെ സ്റ്റേഡിയം നിർമ്മിക്കുന്നതു സംബന്ധിച്ച് സംസ്ഥാന കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി എന്തൊക്കെ ശിപാർശകളും നിർദ്ദേശങ്ങളുമാണ് നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള ക്രിക്കറ്റ് അസോസിയേഷനാണ് ഇടക്കൊച്ചിയിൽ സ്റ്റേഡിയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി-ഇ) ബാധകമല്ല.

എ. കെ. പാണ്ഡ്യൻ കമ്മീഷൻ റിപ്പോർട്ട്

252 (1980) ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. എം. എം. മോനായി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക സർവ്വകലാശാലകളിൽ കായികപഠനത്തിനും പരിശീലനത്തിനും ഡിഗ്രി കോഴ്സുകൾക്കുപുറമെ എന്തെല്ലാം കോഴ്സുകളാണ് എ. കെ. പാണ്ഡ്യൻ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly